(ഡി) പാപ്പിനിശ്ശേരി, പഴയങ്ങാടി റെയിൽവേ ഗേറ്റുകൾക്ക് മേൽപ്പാലം നിർമ്മിക്കേണ്ടതിന്റെ പ്രാധാന്യം കണക്കിലെടുത്ത് സർക്കാർ ഇക്കാര്യത്തിൽ അടിയന്തിര നടപടി കൈക്കൊള്ളുമോ ?

ഉത്തരം

(എ-ഡി) ട്രെയിൻ വെഹിക്കിൾ യൂണിറ്റ് (T.V.U.)ഒരു ലക്ഷം കവിയുന്ന റെയിൽവേ ഗേറ്റുകൾക്ക് പകരം മേൽപ്പാലം നിർമ്മിക്കുന്നതിനാണ് (കോസ്റ്റ് ഷെയറിംഗ് വ്യവസ്ഥയിൽ) റെയിൽവേ അനുമതി നൽകുന്നത്. ചോദ്യത്തിൽ പരാമർശിക്കുന്ന റെയിൽവേ ഗേറ്റുകൾ ഈ വിഭാഗത്തിൽപ്പെടുന്നില്ല. T.V.U. ഒരു ലക്ഷം ആകുന്ന മുറയ്ക്ക് ഇവിടെ മേൽപ്പാലം പണിയുന്ന കാര്യം പരിഗണിക്കാവുന്നതാണ്.

വളപട്ടണം റെയിൽവേ സ്റ്റേഷനിൽ ഫുട്ട് ഓവർബ്രിഡ്ജ് നിർമ്മിക്കാൻ നടപടി

62 (659) ശ്രീ. ടി. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിലെ വളപട്ടണം സ്റ്റേഷനിൽ ഒരു ഫുട്ട് ഓവർ ബ്രിഡ്ജ് നിർമ്മിക്കാനുള്ള നിർദ്ദേശം സംസ്ഥാന സർക്കാരിന്റെ പരിഗണനയിലുണ്ടോ ;

(ബി) ഫുട്ട് ഓവർബ്രിഡ്ജ് നിർമ്മിക്കാനുള്ള സാമ്പത്തിക ബാദ്ധ്യത സംസ്ഥാന സർക്കാർ വഹിക്കണമെന്ന കേന്ദ്ര സർക്കാരിന്റെ നിബന്ധന ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ ഇക്കാര്യം അനുഭാവപൂർവ്വം പരിഗണിക്കുമോ ;

(ഡി) വളപട്ടണം റെയിൽവേ സ്റ്റേഷനിൽ ഒരു ഫുട്ട് ഓവർ ബ്രിഡ്ജ് നിർമ്മിക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഈ വിഷയത്തിൽ അഴീക്കോട് എം. എൽ. എ. യുടെ പരാതി ലഭിച്ചിട്ടുണ്ട് അത് പരിഗണനയിലാണ്.

(ബി) ഉണ്ട്.

(സി&ഡി) തുക ലഭ്യമാകുന്ന മുറയ്ക്ക് പരിഗണിക്കാവുന്നതാണ്.

അപകടങ്ങൾ ഒഴിവാക്കാൻ നടപടി

63 (660) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബേപ്പൂർ മണ്ഡലത്തിലെ രാമനാട്ടുകരയിലെ എൻ. എച്ച്.17-ൽ രാമനാട്ടുകര പന്തീരങ്കാവ് റോഡും എയർപോർട്ട് റോഡും ചേരുന്ന ഭാഗത്ത് ദിനംപത്രി അപകടങ്ങൾ വർദ്ധിച്ചു വരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) അപകടമൊഴിവാക്കാൻ പൊതു മരാമത്ത് വകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത് ;

(സി) ട്രാഫിക് ഐലൻഡ് സ്ഥാപിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പോലീസ് വകുപ്പിന്റെ സഹായത്തോടെ അപകടം ഒഴിവാക്കുന്നതിനുവേണ്ട മുൻകരുതൽ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) നടപടി സ്വീകരിച്ചു വരുന്നു.

തിരുവനന്തപുരം ഈസ്റ്റ് നിയോജക മണ്ഡലത്തിൽ നടത്താൻ ഉദ്ദേശിക്കുന്ന പ്രവൃത്തികൾ

64 (661) ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമരാമത്ത് വകുപ്പ് തിരുവനന്തപുരം ഈസ്റ്റ് നിയോജക മണ്ഡലത്തിൽ നടത്താൻ ഉദ്ദേശിക്കുന്ന പ്രവൃത്തികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ ;

(ബി) ഇത് സംബന്ധിച്ച വിശദവിവരങ്ങൾ ലഭ്യമാക്കാമോ ;

(സി) ഓരോ പ്രവൃത്തിയുടേയും എസ്റ്റിമേറ്റ് തുക എത്രയാണ് എന്ന് വെളിപ്പെടുത്തുമോ ;

(ഡി) പ്രവൃത്തികൾ തുടങ്ങുന്നതിനു വേണ്ട നടപടികൾ ഏത് ഘട്ടത്തിലാണ് ; വിശദവിവരങ്ങൾ വെളിപ്പെടുത്തുമോ ?

ഉത്തരം

(എ-ഡി) വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

വലിയവെളിച്ചം വ്യവസായ വളർച്ചാകേന്ദ്രത്തിലേക്കുള്ള റോഡിന്റെ നിർമ്മാണം

65 (662) ശ്രീ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിലെ വലിയവെളിച്ചം വ്യവസായ വളർച്ചാ കേന്ദ്രത്തിലേയ്ക്കുള്ള റോഡിന്റെ നിർമ്മാണം പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്തിട്ടുണ്ടോ ;

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly